ജൂലൈ 2021

# അമൃത്

## വാർത്താ പത്രിക

Atal Mission for Rejuvenation and Urban Transformation

ലക്കം 3



# ജൽ ശക്തി അഭിയാൻ

കേരളത്തിലെ 93 നഗരസഭകളിൽ




അമൃത് വാർത്താ പത്രികയുടെ ജൂൺ ലക്കം പതിപ്പ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ അമൃത് മിഷൻ ഡയറക്ടർ ഡോ. രേണുരാജ് ഐ.എ.എസ്സിന് ആദ്യ പ്രതി നൽകി പ്രകാശനം ചെയ്യുന്നു.

# അമൃത് വാർത്താ പത്രിക

**ജൂലൈ 2021 | പുസ്തകം 1 | ലക്കം 3**

**തദ്ദേശസ്വയംഭരണ വകുപ്പ്**
**കേരള സർക്കാർ**

**ചീഫ് എഡിറ്റർ**
**ഡോ.രേണു രാജ് ഐ.എ.എസ്**
മിഷൻ ഡയറക്ടർ

**എഡിറ്റർ**
**എ.എൽ. ചാൾസ്**
ഡെപ്യൂട്ടി മിഷൻ ഡയറക്ടർ

**അസിസ്റ്റന്റ് എഡിറ്റർ**
സാവിയോ സജി ഇ.ആർ.

**സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്)**
നാലാം നില, മീനാക്ഷിപ്ലാസാ,
ആർടെക് ബിൽഡിംഗ്,
ഗവ. ആശുപത്രിക്ക് എതിർവശം,
തൈയ്ക്കാട്, തിരുവനന്തപുരം - 695014
ഫോൺ നം. : +91-471-2323856,
ഫാക്സ് : +91-471-2322857
വെബ്സൈറ്റ് : www.amrutkerala.org
ഇമെയിൽ : smmukerala@gmail.com

*(സ്വകാര്യ വിതരണത്തിന് മാത്രം)*



## എഡിറ്റോറിയൽ

നഗര വികസന സംസ്കാരത്തിന് നവ ആശയങ്ങളും പ്രതീക്ഷയും ദിശാബോധവും നൽകിയ അമൃത് പദ്ധതി ആരംഭിച്ചതിന്റെ ആറാം വാർഷികത്തിന്റെ എല്ലാവിധ ആശംസകളും നേരുന്നു.

കേരളത്തെ സംബന്ധിച്ച് വികേന്ദ്രീകൃതാസൂത്രണത്തിലൂടെ സംസ്ഥാനത്തെ പ്രമുഖ നഗരങ്ങളുടെ അടിസ്ഥാന ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുതകുന്ന രീതിയിൽ വളരെ സുതാര്യമായി 2357.69 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്നു എന്നത് നമ്മുടെ വികസന സ്വപ്നങ്ങൾക്ക് പ്രതീക്ഷയും ആവേശവും പകരുന്ന ഒന്നാണ്. ആകെയുള്ള 1002 പദ്ധതികളിൽ 704 പദ്ധതികൾ പൂർത്തിയാക്കി കഴിഞ്ഞു എന്നതും പദ്ധതിതുകയുടെ 50% ത്തിലേറെ ചെലവഴിക്കാൻ കഴിഞ്ഞു എന്നതും നേട്ടം തന്നെയാണ്.

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെയും ബഹു. ചീഫ് സെക്രട്ടറിയുടെയും അവലോകന യോഗങ്ങളിൽ അമൃത് പദ്ധതികളുടെ നിർവ്വഹണത്തിൽ നഗരസഭകൾ അടിയന്തിര പ്രാധാന്യം നൽകി പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ ശ്രമിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. അതിനാൽ പൂർത്തീകരിച്ചിട്ടില്ലാത്ത എല്ലാ പദ്ധതികൾക്കും വിശദമായ വർക്ക് പ്ലാൻ തയ്യാറാക്കി ഓരോ പദ്ധതിയ്ക്കും ഒരു നോഡൽ ഓഫീസറെ നിയമിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

നാളിതുവരെ നടപ്പിൽ വരുത്തുവാൻ സാധിക്കാത്ത പദ്ധതികളും, പുരോഗതി കൈവരിക്കാൻ സാധിക്കാത്ത പദ്ധതികളും അടിയന്തിരമായി പുന:പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. പൂർത്തീകരിച്ച പാർക്കുകളുടെ നടത്തിപ്പ് സംബന്ധിച്ച് അടിയന്തിര നടപടികൾ കൈക്കൊള്ളണം. 22-ാമത് ഉന്നതാധികാര സമിതി യോഗ തീരുമാനപ്രകാരം പി.പി.പി. മാതൃക (പൊതു സ്വകാര്യ പങ്കാളിത്ത മാതൃക) സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും.

ജലശക്തി അഭിയാനുമായി ബന്ധപ്പെട്ട് ഒരു പൈലറ്റ് പ്രോജക്ട് നടപ്പിൽ വരുത്തുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിരുന്നു. ജലശക്തി അഭിയാൻ പ്രധാന ഊന്നൽ നൽകിയിരിക്കുന്നത് മഴവെള്ളക്കൊയ്ത്തിനാണ്. ശുദ്ധവായുവും ജലവും മണ്ണും നമ്മുടെ അവകാശമാണ്. അതുകൊണ്ടുതന്നെ ഇവ സംരക്ഷിക്കേണ്ടതും ഭാവിലേയ്ക്ക് കരുതേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. ജലത്തിന് പകരം വയ്ക്കാൻ മറ്റൊന്നില്ല എന്ന് മനസ്സിലാക്കി ജലസ്രോതസ്സുകളുടെ പരിപാലനവും സുരക്ഷയും നിതാന്ത ജാഗ്രതയോടെ നടപ്പിലാക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ്. അതിനാൽ തന്നെ ജൽ ശക്തി അഭിയാൻ പദ്ധതി കാര്യക്ഷമമായി നടപ്പാക്കേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്.

**മിഷൻ ഡയറക്ടർ**



പാലക്കാട് - മാട്ടുമന്ത ഉന്നതതല ജലസംഭരണി



കൊല്ലം - ആശ്രാമം പാർക്ക്

# അമൃത് വാർത്താ പത്രിക

ജൂലൈ 2021

## ഉള്ളടക്കം




5 ജൽ ശക്തി അഭിയാൻ

8 കർമ്മനിരതമായ 6 വർഷങ്ങൾ

9 അവലോകന യോഗം

10 നഗരങ്ങളെ അറിയാൻ ഇന്റേൺഷിപ്പ് പ്രോഗ്രാം

11 തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മലിനജല സംസ്കരണ പ്ലാന്റ്

13 നവീന സൗകര്യങ്ങളോടു കൂടിയ മേൽ നടപ്പാത നിർമ്മാണം പൂർത്തിയായി

14 വാട്ടർ എഫിഷ്യന്റ് തൃശ്ശൂർ





15 തത്തംപള്ളി ഉന്നത തല ജലസംഭരണി നിർമാണം പൂർത്തിയായി

16 വെണ്ടുരുത്തി - തേവര നടപ്പാത നിർമാണം പൂർത്തീകരിച്ചു

17 ചേലോറ പാർക്ക് നിർമാണം

18 ഗുരുവായൂർ - ഇ.കെ. നായനാർ പാർക്കിന്റെ നിർമാണം പൂർത്തീകരിച്ചു
കൊല്ലം - മേൽനടപ്പാത നിർമാണം അന്തിമഘട്ടത്തിൽ
പാലക്കാട് - മീനാ നഗർ പാർക്ക് നിർമാണം പൂർത്തീകരിച്ചു



കോഴിക്കോട് - മലാപ്പറമ്പ് പാർക്ക്



ഗുരുവായൂർ - കോട്ടപ്പടി ജലസംസ്കരണ പ്ലാന്റ്



# ജൽ ശക്തി അഭിയാൻ

## കേരളത്തിലെ 93 നഗരസഭകളിൽ

> ❝ ലോകത്തിൽ ആകെ ലഭ്യമായിട്ടുള്ള ശുദ്ധ ജല ലഭ്യതയിൽ 4% മാത്രമാണ് ഇന്ത്യയിലുള്ളത്. അതിനാൽ തന്നെ ലോകജന സംഖ്യയുടെ 17% പേർ അധിവസിക്കുന്ന രാജ്യത്ത് ഏവർക്കും ശുദ്ധ ജലം ലഭ്യമാക്കുക എന്നത് വളരെ ശ്രമകരമായ ദൗത്യമാണ്.

നഗരങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ശക്തി അഭിയാൻ. അമൃത് പദ്ധതിയുടെ ഒരു ഘടകമായാണ് കേന്ദ്ര മന്ത്രാലയം ഈ പദ്ധതി നടപ്പിലാക്കുന്നത്.

2030 ആകുമ്പോഴേക്കും ഏവർക്കും ശുദ്ധജലവും സാനിറ്റേഷൻ സൗകര്യങ്ങളും ലഭ്യമാക്കുക എന്നതാണ് സുസ്ഥിര വികസനം കൈവരിക്കുന്നതിന് ഐക്യരാഷ്ട്ര സഭ നിശ്ചയിച്ചിട്ടുള്ള 17 ലക്ഷ്യങ്ങളിൽ 6-ാമത്തെ ലക്ഷ്യം. ലോകത്തിൽ ആകെ ലഭ്യമായിട്ടുള്ള ശുദ്ധജല ലഭ്യതയിൽ 4% മാത്രമാണ് ഇന്ത്യയിലുള്ളത്. അതിനാൽ തന്നെ ലോകജനസംഖ്യയുടെ 17% പേർ അധിവസിക്കുന്ന രാജ്യത്ത് ഏവർക്കും ശുദ്ധ ജലം ലഭ്യമാക്കുക എന്നത് വളരെ ശ്രമകരമായ ദൗത്യമാണ്. ജലദൗർലഭ്യം നേരിടുന്ന രാജ്യങ്ങളുടെ പട്ടികയിലാണ് ഇന്ത്യയുടെ സ്ഥാനം. ലഭ്യമാകുന്ന മഴയുടെ 1/10 ൽ താഴെ മാത്രമെ നമുക്ക് ശേഖരിക്കാൻ സാധിക്കുന്നുള്ളൂ.

കൃഷിക്കും മറ്റ് വ്യവസായിക ആവശ്യങ്ങൾക്കുമായി ആനുപാതികമല്ലാതെ ജലം വിനിയോഗിക്കുന്നതും, ഭൂഗർഭ ജലത്തിന്റെ അമിതമായ ചൂക്ഷണവും, കഴിഞ്ഞ കാലങ്ങളിൽ മൺസൂൺ മഴയിലുണ്ടായ കുറവും രാജ്യത്തിന്റെ ജല ലഭ്യതയെ കാര്യമായ സ്വാധീനിച്ചിട്ടുണ്ട്. ഇത് കാരണം ജലത്തിന്റെ ആവശ്യകതയും വിതരണവും തമ്മിലുള്ള അന്തരം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. നീതി ആയോഗിന്റെ വിലയിരുത്തലിൽ രാജ്യത്തെ ജനസംഖ്യയുടെ 50% ത്തോളം വരുന്ന ജനങ്ങൾ ജല ദൗർലഭ്യം നേരിടുന്നവരാണ്. നിലവിലുള്ള ജലസ്രോതസ്സുകളെ വേണ്ടവിധം സംരക്ഷിക്കാത്തതും ജലം അമൂല്യമാണെന്ന അവബോധം ഇല്ലാത്തതും പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നു.



# JAL SHAKTI ABHIYAN

Sanchay Jal, Behtar Kal

രാജ്യത്തെ മുഴുവൻ നഗരങ്ങളിലും ശുദ്ധജല വിതരണവും സംരക്ഷണവും കാര്യക്ഷമമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ജൽ ശക്തി അഭിയാൻ എന്ന കേന്ദ്ര ഭവന നഗര മന്ത്രാലയത്തിന്റെ പദ്ധതി 2021 മാർച്ച് 22 ന് ആദരണീയനായ പ്രധാനമന്ത്രി പ്രഖ്യാപിച്ചു. രാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന അമൃത് മഹോത്സവത്തിന്റെ ഭാഗമായാണ് ജൽ ശക്തി അഭിയാൻ ആസൂത്രണം ചെയ്തിരിക്കുന്നത്. 2021 ഏപ്രിൽ 1 മുതൽ 2021 സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ ഇന്ത്യയിലെ എല്ലാ നഗരങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുകയാണ്.

പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ 7 മുൻഗണനാ മേഖലകൾ നിശ്ചയിച്ചിട്ടുണ്ട്. മഴവെള്ള കൊയ്ത്ത്, സംസ്കരിച്ച മലിന ജലത്തിന്റെ പുനരുപയോഗം, പ്ലാന്റേഷൻ, കിണറുകൾ/കുളങ്ങൾ റീ ചാർജ്ജ് ചെയ്യുന്നതിന് ശുദ്ധ ജല ചാലുകൾ നിർമ്മിക്കുക, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലസംരക്ഷണത്തിനുതകുന്ന ഹരിതപ്രദേശം സൃഷ്ടിക്കുക, ജൽശക്തി പാർക്കുകൾ നിർമ്മിക്കുക എന്നിവയാണ് ഈ മുൻഗണനാ മേഖലകൾ.

നദികളും, കുളങ്ങളും, കായലുകളും തുടങ്ങി വൈവിധ്യവും വിസ്തൃതവുമായ ജലസമ്പത്തിനാൽ സമൃദ്ധമാണ് കേരളം. കേരളത്തിലെ ശരാശരി വാർഷിക വർഷപാതം 3000 മി.മീ. ആണ്. കേരളത്തിൽ പ്രതിവർഷം ലഭിക്കുന്ന മഴ ദേശീയ ശരാശരിയേക്കാൾ 2.78 മടങ്ങാണ്. രാജസ്ഥാനിൽ ലഭിക്കുന്ന മഴയുടെ 5 മടങ്ങും തമിഴ്നാടിന് ലഭിക്കുന്നതിന്റെ 3 മടങ്ങും കൂടുതലാണ് നമുക്ക് ലഭിക്കുന്ന മഴ. പക്ഷെ വേനലെത്തുന്നതിന് മുൻപ് തന്നെ ഭൂമിയുടെ നീരുറവകൾ ഊറ്റി പായുന്ന ടാങ്കറുകൾ വർത്തമാന കേരളത്തിലെ കാഴ്ചയാണ്. വർദ്ധിച്ചു വരുന്ന നഗരവത്ക്കരണം ജലസ്രോതസ്സുകളെ ശുഷ്കിപ്പിച്ചിരിക്കുന്നു. ഇത് വളരെ അപകടകരമായ അവസ്ഥയിലേയ്ക്കാണ് സംസ്ഥാനത്തെ എത്തിക്കുന്നത്. കണക്കുകൾ പ്രകാരം ജലത്തിന്റെ ലോക ആളോഹരി ഉപയോഗം പ്രതിദിനം 120 ലിറ്ററാണ്. കേരളീയരുടെ ഉപയോഗമാകട്ടെ 200 ലിറ്ററും!



**“ രാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന അമൃത് മഹോത്സവത്തിന്റെ ഭാഗമായാണ് ജൽ ശക്തി അഭിയാൻ ആസൂത്രണം ചെയ്തിരിക്കുന്നത്. 2021 ഏപ്രിൽ 1 മുതൽ 2021 സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ ഇന്ത്യയിലെ എല്ലാ നഗരങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുകയാണ്.**



**“ മഴവെള്ള കൊയ്ത്ത്, സംസ്കരിച്ച മലിന ജലത്തിന്റെ പുനരുപയോഗം, പ്ലാന്റേഷൻ, കിണറുകൾ/കുളങ്ങൾ റീ ചാർജ്ജ് ചെയ്യുന്നതിന് ശുദ്ധ ജല ചാലുകൾ നിർമ്മിക്കുക, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലസംരക്ഷണത്തിനുതകുന്ന ഹരിതപ്രദേശം സൃഷ്ടിക്കുക, ജൽശക്തി പാർക്കുകൾ നിർമ്മിക്കുക എന്നിവയാണ് ഈ മുൻഗണനാ മേഖലകൾ**

**❝ പദ്ധതിയ്ക്കായി മുൻഗണനാ മേഖലകളിൽ നിന്ന് തെരെഞ്ഞെടുത്ത ഒരു പദ്ധതിയെങ്കിലും 2021 സെപ്റ്റംബർ 30 നകം നടപ്പിലാക്കണം. ഇതിനാവശ്യമായ കർമ്മ പദ്ധതി അതാത് നഗരസഭകൾ തയ്യാറാക്കണം. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും കണ്ടെത്തേണ്ടതാണ്.**



**❝ ബൃഹത്തായ പദ്ധതികൾ ഡിസൈൻ ബിൽഡ് ഓപ്പറേറ്റ് മാതൃകയിലോ/പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടിയ ടേൺകീ മാതൃകയിലോ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ് അഭികാമ്യം. തെരെഞ്ഞെടുക്കുന്ന പദ്ധതികളുടെ പൂർത്തീകരണം 2021 സെപ്റ്റംബർ 30 നകം ആയിരിക്കുവാൻ നഗരസഭകൾ ഉറപ്പുവരുത്തേണ്ടതാണ്.**

ആരോഗ്യ, വിദ്യാഭ്യാസ സൂചികകളിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളം ജല മുൾപ്പടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതിൽ വളരെ പിന്നിലാണ്. ശുദ്ധവായുവും ജലവും മണ്ണും നമ്മുടെ അവകാശമാണ്. അതുകൊണ്ടുതന്നെ ഇവ സംരക്ഷിക്കേണ്ടതും ഭാവിലേയ്ക്ക് കരുതേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. വേനലും ജലക്ഷാമവും വരുമ്പോൾ മാത്രമല്ല ജലസംരക്ഷണത്തെക്കുറിച്ച് ചിന്തിക്കേണ്ടത്. ജലത്തിന് പകരം വയ്ക്കാൻ മറ്റൊന്നില്ല എന്ന് മനസ്സിലാക്കി ജലസ്രോതസ്സുകളുടെ പരിപാലനവും സുരക്ഷയും നിതാന്ത ജാഗ്രതയോടെ നടപ്പിലാക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ്. അതിനാൽ തന്നെ ജൽ ശക്തി അഭിയാൻ പദ്ധതി കാര്യക്ഷമമായി നടപ്പാക്കേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്.

പദ്ധതിയ്ക്കായി മുൻഗണനാ മേഖലകളിൽ നിന്ന് തെരെഞ്ഞെടുത്ത ഒരു പദ്ധതിയെങ്കിലും 2021 സെപ്റ്റംബർ 30 നകം നടപ്പിലാക്കണം. ഇതിനാവശ്യമായ കർമ്മ പദ്ധതി അതാത് നഗരസഭകൾ തയ്യാറാക്കണം. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും കണ്ടെത്തേണ്ടതാണ്. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതികളും ജൽ ശക്തി അഭിയാൻ പദ്ധതിക്ക് കീഴിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ചിട്ടുണ്ടെങ്കിൽ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

മഴവെള്ളക്കൊയ്ത്ത് സംസ്ഥാനത്തിന് പരിചിതമായ ഒരു ജലസംരക്ഷണ മാർഗ്ഗമാണ്. 2004 മുതൽ തന്നെ പുതിയതായി നിർമ്മിക്കുന്ന വീടുകളിൽ മഴവെള്ളം ശേഖരിക്കുന്നതിനായുള്ള സംവിധാനങ്ങൾ നഗരസഭകൾ നിർബന്ധമാക്കിയിരുന്നു. മഴവെള്ളക്കൊയ്ത്ത് കാര്യക്ഷമമായും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കാൻ നമുക്ക് സാധിക്കും. ബൃഹത്തായ പദ്ധതികൾ ഡിസൈൻ ബിൽഡ് ഓപ്പറേറ്റ് മാതൃകയിലോ/പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടിയ ടേൺകീ മാതൃകയിലോ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ് അഭികാമ്യം. തെരഞ്ഞെടുക്കുന്ന പദ്ധതികളുടെ പൂർത്തീകരണം 2021 സെപ്റ്റംബർ 30 നകം ആയിരിക്കുവാൻ നഗരസഭകൾ ഉറപ്പുവരുത്തേണ്ടതാണ്.

പദ്ധതിയുടെ ഭാഗായി നഗരസഭാതലത്തിൽ ഭൂഗർഭജല മാനേജ്മെന്റ് സെൽ രൂപീകരിക്കേണ്ടതാണ്. പദ്ധതി പുരോഗതിയുടെയും, പൂർത്തീകരണത്തിന്റെയും ചിത്രങ്ങളും വിവരങ്ങളും, പദ്ധതിയുടെ സവിശേഷതകളും കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ ജലശക്തി അഭിയാൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. കേരളത്തിൽ ജലശക്തി അഭിയാൻ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 87 മുനിസിപ്പാലിറ്റകളിലും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും നോഡൽ ഓഫീസർമാരെ നിയമിച്ചു. നഗരസഭകൾ തങ്ങൾക്കായി പദ്ധതികൾ തെരഞ്ഞെടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## മഴവെള്ള ശേഖരണം: ദേശീയ വെബിനാറിൽ വിഷയാവതരണം നടത്തി കേരളം

"മഴവെള്ള ശേഖരണം" എന്ന ദേശീയ പ്രചരണത്തിന്റെ ഭാഗമായി 08.06.2021 ൽ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം നടത്തിയ വെബ്ബിനാറിൽ കേരളം പ്രസന്റേഷൻ അവതരിപ്പിച്ചു. ഗുജറാത്ത്, ഉത്തർപ്രദേശ്, തമിഴ്നാട് എന്നീ മൂന്ന് സംസ്ഥാനങ്ങൾക്കൊപ്പമാണ് കേരളത്തെയും വിഷയാവതരണത്തിന് തെര ഞ്ഞെടുത്തത്. ലോക ജല ദിനത്തോടനുബന്ധിച്ച് 2021 മാർച്ച് 22 ന് ആദരണീയനായ പ്രധാനമന്ത്രിയാണ് ഈ പ്രചരണത്തിന് തുടക്കം കുറിച്ചത്. കേരളത്തിനായി അമൃത് മിഷൻ ഡയറക്ടറും, നഗരകാര്യ വകുപ്പ് ഡയറക്ടറുമായ ഡോ. രേണു രാജ് ഐ.എ.എസ്. ആണ് പ്രസന്റേഷൻ അവതരിപ്പിച്ചത്.

Catch the rain, where it falls, when it falls എന്ന ആപ്തവാക്യമാണ് പ്രചരണ പരിപാടി മുന്നോട്ട് വയ്ക്കുന്നത്. തുടർച്ചയായ രണ്ട് പ്രളയങ്ങളുടെ പാഠങ്ങൾ ഉൾക്കൊണ്ട് മഴവെള്ള കൊയ്ത്തുമായി ബന്ധപ്പെട്ട് സംസ്ഥാനം നടത്തി വരുന്ന മാതൃകാപരമായ പ്രവർത്തനങ്ങളും പദ്ധതികളും കണക്കിലെടുത്താണ് ഈ മേഖലയിലെ അനുഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രസന്റേഷന് കേരളത്തെ ക്ഷണിച്ചത്. ശുദ്ധജല ക്ഷാമം അതിരൂക്ഷമായ ഇതര സംസ്ഥാനങ്ങൾക്ക് കേരളത്തിന്റെ ഈ അനുഭവ പാഠങ്ങൾ ജല സംരക്ഷണത്തിനും മഴവെള്ളക്കൊയ്ത്തിനുമായി പദ്ധതികൾ രൂപീകരിക്കാൻ പ്രചോദനവും മാർഗ്ഗദർശകവുമായിരിക്കും. സംസ്ഥാനത്തിന് വേണ്ടി സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റാണ് (അമൃത്) പ്രസന്റേഷൻ തയ്യാറാക്കിയത്.



# കർമ്മനിരതമായ 6 വർഷങ്ങൾ

## 704 പദ്ധതികൾ, 1150.59 കോടി രൂപ




അമൃത് പദ്ധതിയുടെ 6-ാം വാർഷികം 2021 ജൂൺ 25 ന് രാജ്യം ആഘോഷിച്ചു. രാജ്യത്തെ 40% ജനങ്ങൾ അധിവസിക്കുന്ന നഗരങ്ങളിലെ അടിസ്ഥാന ഭൗതീക സൗകര്യങ്ങളും സേവനങ്ങളും പ്രത്യേകിച്ച് ശുദ്ധജല വിതരണം, ദ്രവമാലിന്യ സംസ്ക്കരണം, നഗര ഗതാഗതം തുടങ്ങിയ മേഖലകളിൽ നൽകുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി യാണ് അമൃത് (അടൽ മിഷൻ ഫോർ റിജ്യുവിനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ).

എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 500 നഗരങ്ങളിലാണ് അമൃത് പദ്ധതി നടപ്പിലാക്കുന്നത്.

കേരളത്തിൽ 6 കോർപ്പറേഷനുകളിലും (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ 3 മുനിസിപ്പാലിറ്റികളിലുമായി 9 നഗരങ്ങളിലാണ് അമൃത് പദ്ധതി നടപ്പിലാക്കുന്നത്.

2357.69 കോടി രൂപയുടെ 1002 പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കുന്നത്. ഇതിൽ 704 പദ്ധതികൾ പൂർത്തീകരിച്ചു. 1150.59 കോടി രൂപ നാളിതുവരെ ചെലവഴിച്ചു.

അമൃത് പദ്ധതിയുടെ 6-ാം വാർഷികാഘോഷം അമൃത് നഗരങ്ങളിലും സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിലും വിവിധ പരിപാടികളോടെ ആഘോഷിച്ചു.



**6-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ നടന്ന പരിപാടി മിഷൻ ഡയറക്ടർ ഉദ്ഘാടനം ചെയ്യുന്നു**

## അവലോകന യോഗം

അമൃത് നഗരങ്ങളിൽ നഗരസഭകൾ നേരിട്ട് നടത്തുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിലയിരുത്തൽ യോഗം 2021 ജൂൺ 9, 15, 18 തീയതികളിൽ നടത്തി. വീഡിയോ കോൺഫറൻസിലൂടെ നടത്തിയ യോഗത്തിൽ കോർപ്പറേഷൻ സെക്രട്ടറിമാർ, മുനിസിപ്പൽ സെക്രട്ടറിമാർ, എഞ്ചിനീയർമാർ, അമൃത് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെയും ബഹു. ചീഫ് സെക്രട്ടറിയുടെയും അവലോകന യോഗങ്ങളിൽ അമൃത് പദ്ധതികളുടെ നിർവ്വഹണത്തിന് നഗരസഭകൾ അടിയന്തര പ്രാധാന്യം നൽകണമെന്നും പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ ശ്രമിക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ള വിവരം മിഷൻ ഡയറക്ടർ യോഗത്തെ അറിയിച്ചു. പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും കാര്യക്ഷമമായ നടത്തിപ്പിനുമായി പൂർത്തീകരിച്ചിട്ടില്ലാത്ത എല്ലാ പദ്ധതികൾക്കും വിശദമായ വർക്ക് പ്ലാൻ സമർപ്പിക്കുവാൻ മിഷൻ ഡയറക്ടർ നിർദ്ദേശിച്ചു.

കോർപ്പറേഷൻ / മുനിസിപ്പൽ സെക്രട്ടറിമാരുമായി കൂടിയാലോചിച്ച് ഓരോ പദ്ധതിയ്ക്കും ഒരു നോഡൽ ഓഫീസറെ കോർപ്പറേഷൻ/മുനിസിപ്പൽ എഞ്ചിനീയർ നിയമിക്കേണ്ടതാണ്. നോഡൽ ഓഫീസർമാർ പദ്ധതി പുരോഗതി വിലയിരുത്തേണ്ടതും തടസ്സങ്ങൾ ബന്ധപ്പെട്ടവരെ യഥാസമയം അറിയിക്കേണ്ടതുമാണ്. നോഡൽ ഓഫീസർമാരുടെ പേരുകൾ അമൃത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

നാളിതുവരെ നിർവ്വഹണം ആരംഭിക്കാത്തതോ നിർവ്വഹണ പുരോഗതി കൈവരിക്കാത്തതോ ആയ പദ്ധതികൾ അടിയന്തിരമായി പുന:പരിശോധിച്ച് ആവശ്യമെങ്കിൽ റദ്ദ് ചെയ്യേണ്ടതാണെന്ന് യോഗം വിലയിരുത്തി. ജലശക്തി അഭിയാനുമായി ബന്ധപ്പെട്ട് ഒരു പൈലറ്റ് പ്രോജക്ട് നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരുന്നു. അതിന്റെ പുരോഗതി അടിയന്തിരമായി അറിയിക്കുവാൻ മിഷൻ ഡയറക്ടർ യോഗത്തിൽ നിർദ്ദേശം നൽകി

# ബഹുമാനപ്പെട്ട മന്ത്രി അമൃത് പദ്ധതി അവലോകനം ചെയ്തു

അമൃത് പദ്ധതി നിർവ്വഹണ പുരോഗതിയിൽ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി തൃപ്തി രേഖപ്പെടുത്തി. തദ്ദേശ സ്വയംഭരണ മന്ത്രിയായി ചുമതലയേറ്റെടുത്തശേഷം വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ വിളിച്ചുചേർത്ത യോഗത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി അമൃത് പദ്ധതിയെ കുറിച്ച് വിലയിരുത്തൽ നടത്തിയത്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ്., പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ബിശ്വനാഥ് സിൻഹ ഐഎഎസ്, അമൃത് മിഷൻ ഡയറക്ടർ ഡോ. രേണു രാജ് ഐ.എ.എസ്., ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഡോ. വി.പി.പി. മുസ്തഫ, അമൃത് ഡെപ്യൂട്ടി മിഷൻ ഡയറക്ടർ ശ്രീ. എ.എൽ. ചാൾസ്, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി, ശ്രീ. എം. സുരേശൻ തുടങ്ങിയ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. അമൃത് പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതിയും നിലവിലെ സ്ഥിതിയും മിഷൻ ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു.

നിർവ്വഹണ പുരോഗതി തീരെ കുറവായ പദ്ധതികളുടെ ചിലവായ തുകയും പദ്ധതി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കാത്ത പദ്ധതികളുടെ ഫണ്ടും കേന്ദ്ര സർക്കാർ നൽകുന്നതിനുള്ള സാധ്യത വിരളമാണ്. ഈ സാഹചര്യത്തിൽ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായി വരുന്ന ഫണ്ട് പൂർണ്ണമായും അതാത് നഗരസഭകൾ കണ്ടെത്തേണ്ടി വരും. സംസ്ഥാനത്തിന് ഈ ബാധ്യത ഏറ്റെടുക്കാൻ സാധിക്കില്ലെന്ന വിവരം നഗരസഭകളെ അറിയിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചു.

സെപ്റ്റേജ് മേഖലയിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണെന്ന് യോഗം വിലയിരുത്തി. അമൃത് മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ മേയ് 30 നകം അവാർഡ് ചെയ്യണമെന്ന് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിൽ നിന്നുള്ള നിർദ്ദേശം യോഗം ചർച്ച ചെയ്തു.

നിലവിൽ പ്രവൃത്തി ആരംഭിക്കാത്തതും, വർക്ക് അവാർഡ് ചെയ്യാത്തതും, പദ്ധതി പുരോഗതി ഇല്ലാത്തതുമായ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ അതാത് നഗരസഭകൾ എടുക്കണമെന്നും അത്തരം പദ്ധതികൾ അടിയന്തിരമായി വിലയിരുത്തി നടപ്പാക്കാൻ സാധ്യതയില്ലാത്ത പദ്ധതികൾ റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും ബഹുമാനപ്പെട്ട മന്ത്രി അഭിപ്രായപ്പെട്ടു.

*നിർവ്വഹണ പുരോഗതി തീരെ കുറവായ പദ്ധതികളുടെ ചിലവായ തുകയും പദ്ധതി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കാത്ത പദ്ധതികളുടെ ഫണ്ടും കേന്ദ്ര സർക്കാർ നൽകുന്നതിനുള്ള സാധ്യത വിരളമാണ്. ഈ സാഹചര്യത്തിൽ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായി വരുന്ന ഫണ്ട് പൂർണ്ണമായും അതാത് നഗരസഭകൾ കണ്ടെത്തേണ്ടി വരും.*



**അമൃത് പദ്ധതി അവലോകനം ചെയ്യുന്നതിനായി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം**

# നഗരങ്ങളെ അറിയാൻ ഇന്റേൺഷിപ്പ് പ്രോഗ്രാം

രാജ്യത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് ബിരുദധാരികൾക്ക് വേദിയാകാനും, നന്നായി പരിശീലനം സിദ്ധിച്ച പ്രൊഫഷണലുകളെ സർക്കാരുകൾക്കും കമ്പനികൾക്കും ലഭിക്കുന്നതിനും, പുതിയതായി ബിരുദം നേടുന്നവർക്ക് അവസരങ്ങൾ ഒരുക്കുന്നതിനും, നഗരപരിതസ്ഥിതിയിലെ യഥാർത്ഥ ജീവിതങ്ങൾ യുവതയ്ക്ക് തുറന്നുകാട്ടുവാനും ലക്ഷ്യമിട്ടാണ് ടുലിപ് ഇന്റേൺഷിപ്പ് ആരംഭിച്ചിരിക്കുന്നത്.

വിദ്യാർത്ഥികളുടെ പ്രവർത്തനമികവും, ഊർജ്ജസ്വലതയും, വൈദഗ്ദ്ധ്യവും, നവ ആശയങ്ങളും, സഹകരണവും നഗരങ്ങളിലെ പ്രശ്ന പരിഹാരത്തിനും പദ്ധതികളുടെ ആവിഷ്ക്കരണത്തിനും ഒരു മുതൽക്കൂട്ടായിരിക്കും.

വിദ്യാർത്ഥികളെ സംബന്ധിച്ച് കരിയറിൽ മെച്ചപ്പെട്ട ഇടങ്ങൾ തേടുന്നതിനുള്ള അനുഭവജ്ഞാനവും ദിശാബോധവും ലഭിക്കുന്നു. പുതിയ കാലഘട്ടത്തിലെ ആശയങ്ങളും വൈദഗ്ദ്ധ്യവും നേടുവാൻ സാധിക്കുന്നു. കാര്യശേഷി ആർജ്ജിക്കുവാൻ കഴിയുന്നു. സഹകരണ ഭാവത്തോടെ പ്രവർത്തിക്കുവാനുള്ള മനോഭാവം ഉണ്ടാകുന്നു. ടുലിപ് പദ്ധതിയുടെ ഭാഗമായി അമൃത് മിഷനിലും ഇന്റേൺഷിപ്പ് ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി വിദ്യാർത്ഥിനികൾ അമൃത് പദ്ധതി നിർവ്വഹണത്തിന്റെ വിവിധ മേഖലകളിൽ സാങ്കേതിക വിദഗ്ദ്ധരോടൊപ്പം പ്രവർത്തിക്കുകയും ആശയങ്ങൾ പങ്കിടുകയും ചെയ്യുന്നു. യുവതയുടെ സാന്നിദ്ധ്യം മിഷൻ പ്രവർത്തനങ്ങൾക്ക് ഉണർവും ആവേശവും പകരുന്നു.




" It is a source of great satisfaction for me to be able to work on a program which promises to make a material difference to the environment of my State by tackling the challenges. "

## ടുലിപ് ഒന്നാം വാർഷിക സ്മരണികയിലെ കേരള സാന്നിദ്ധ്യം



**Dr. Renu Raj**

***Director of Urban Affairs***
***MD, AMRUT Kerala***
***State Nodal Officer for TULIP Kerala***

"Through TULIP, interns have got to learn about the challenges of rapid growth of urban population and urban sprawl. TULIP platform has helped them in acquiring presentation, problem solving, analytical thinking and documentation skills. Interns get the opportunity to interact with top Government officials at a young age."



**Ashwin A K**
Municipal Finance Intern

At **AMRUT Kerala, Ashwin** gained exposure of accounting and financial transactions of 9 Mission Cities, various levels of urban financial structure, funding patterns of different Centrally Sponsored Schemes and the utilization of funds by urban local bodies, its channelization through the Public Financial M

#AMR



**Jishamol Shaji**
Civil Engineering Intern
AMRUT Kerala

# തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 19.16 കോടി രൂപ ചെലവിൽ മലിനജല സംസ്കരണ പ്ലാന്റ്



തിരുവനന്തപുരം നഗരത്തിൽ ധാരാളം പേർ ദിനംപ്രതി വന്നുപോകുന്ന മെഡിക്കൽ കോളേജ് കാമ്പസിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി 19.16 കോടി രൂപ ചെലവിൽ ദിനം പ്രതി 5 എം.എൽ.ഡി. സംസ്കരണശേഷിയുള്ള മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമാണം പുരോഗമിച്ചു വരുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ അവസാനഘട്ടം പുരോഗമിക്കുകയാണ്. പ്ലാന്റ് യാഥാർത്ഥ്യമാകുന്നതോടെ കാമ്പസിലെയും പരിസരപ്രദേശങ്ങളിലെയും ദ്രവമാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരമാകും.

വിവിധ സ്ഥാപനങ്ങളിൽ നിന്ന് പുറന്തള്ളുന്ന ദ്രവമാലിന്യങ്ങൾ നിലവിൽ രണ്ട് കിണറുകളിൽ സംഭരിക്കുകയും അവിടെ നിന്നും പമ്പിംഗ് നടത്തി കണ്ണമ്മൂലയിലെ പമ്പിംഗ് സ്റ്റേഷനിൽ എത്തിക്കുകയുമാണ് ചെയ്യുന്നത്. പമ്പിംഗ് സ്റ്റേഷനിൽ നിന്നും മലിനജലം മുട്ടത്തറ മലിനജല സംസ്കരണ പ്ലാന്റിൽ എത്തിച്ച് സംസ്കരണം നടത്തി വരുന്നു. കാലപ്പഴക്കം മൂലം നിലവിലെ സംഭരണ കിണറുകൾ തകരുകയും മലിനജലം സമീപപ്രദേശങ്ങളിലെ ഓടകളിലൂടെ പരിസരത്തെ ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്ന സാഹചര്യവുമാണുള്ളത്. ഇത് കാരണം തദ്ദേശവാസികൾ വളരെയധികം പ്രയാസമനുഭവിച്ചിരുന്നു. പ്രസ്തുത കാര്യം പല തട്ടുകളിൽ ചർച്ചകൾ നടത്തുകയും മെഡിക്കൽ കോളേജ് കാമ്പസിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന ദ്രവമാലിന്യം കാമ്പസിനുള്ളിൽ തന്നെ സംസ്കരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് കേരള വാട്ടർ അതോറിറ്റി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി. 23.12.2017-ന് 19.16 കോടി രൂപയ്ക്ക് പദ്ധതിയ്ക്ക് ഭരണാനുമതി ലഭിക്കുകയും തുടർന്ന് 25.09.2018-ന് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു. 25.09.2019-ന് 'സായ്നാഥ് എൻവിറോടെക്' എന്ന സ്ഥാപനത്തിന് കരാർ നല്കുകയും ചെയ്തു.

മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും കാമ്പസിനുള്ളിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും പുറംതള്ളുന്ന മാലിന്യത്തിന്റെ അളവ് നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് വിലയിരുത്തി അടുത്ത 50 വർഷത്തെ ആവശ്യം കൂടി കണക്കിലെടുത്താണ് പ്ലാന്റ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് ദിനം പ്രതി 5 ദശലക്ഷം ലിറ്റർ സംസ്ക്കരണശേഷിയുള്ള പ്ലാന്റാണ് നിർമ്മിക്കുന്നത്.

"മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും കാമ്പസിനുള്ളിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന മാലിന്യത്തിന്റെ അളവ് നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് വിലയിരുത്തി അടുത്ത 50 വർഷത്തെ ആവശ്യം കൂടി കണക്കിലെടുത്താണ് പ്ലാന്റ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് ദിനംപ്രതി 5 ദശലക്ഷം ലിറ്റർ സംസ്ക്കരണശേഷിയുള്ള പ്ലാന്റാണ് നിർമ്മിക്കുന്നത്.



അമൃത് മിഷൻ ഡയറക്ടർ ഡോ. രേണുരാജ് ഐ.എ.എസ്. നിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

ഇന്ത്യയിലും വിദേശത്തും പ്രവർത്തന ക്ഷമത തെളിയിച്ച MBBR (Moving Bed Bio-film Reactor) സാങ്കേതികവിദ്യ അനുസരിച്ചാണ് പ്ലാന്റ് രൂപകല്പന ചെയ്തിരിക്കുന്നത്. ആശുപത്രിയിലെ ലാബിൽ നിന്നും പുറന്തള്ളുന്ന മാലിന്യം പ്ലാന്റിൽ ലഭ്യമാക്കുന്നതിന് മുമ്പ് രാസമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും പ്ലാന്റിൽ സംവിധാനമുണ്ട്. മലിനജല സംസ്കരണത്തിന് കേന്ദ്രസംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മലിനജലം ശുദ്ധീകരിച്ചശേഷം തോട്ടം നനയ്ക്കുന്നതിന് ഈ ജലം ഉപയോഗിക്കാവുന്നതാണ്. അതോടൊപ്പം സംസ്കരിക്കുമ്പോൾ ലഭിക്കുന്ന സ്ലറി നല്ല വളമാണ്.

നിർമ്മാണ പ്രവർത്തനങ്ങൾ 90% പൂർത്തിയായി. കോമ്പൗണ്ട് വാൾ, ഹോർട്ടിക്കൾച്ചർ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കണം. ആയത് 2021 ആഗസ്റ്റ് 15-ന് മുമ്പ് പൂർത്തീകരിച്ച് തുടർന്നുള്ള രണ്ടാഴ്ച കൊണ്ട് ടെസ്റ്റിംഗ് നടത്തി ആഗസ്റ്റ് 31-നകം കമ്മീഷൻ ചെയ്ത് പ്രവർത്തനക്ഷമമാകുന്ന തരത്തിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ച് 10 വർഷത്തെ പരിപാലനത്തോടു കൂടിയുള്ള നടത്തിപ്പിനാണ് കരാർ നല്കിയിരിക്കുന്നത്.



## എം.ബി.ബി.ആർ. സാങ്കേതിക വിദ്യ

ബയോ ഫിലിം പ്രതലവും പരമ്പരാഗത രീതിയിൽ മാലിന്യ സംസ്കരിക്കുന്ന രീതിയും സമന്വയിപ്പിച്ച് തീർത്തും ജൈവ മാർഗ്ഗത്തിലൂടെ വളരെ ഫലപ്രദമായ രീതിയിൽ ദ്രവ മാലിന്യ സംസ്കരിക്കുന്ന സാങ്കേതിക വിദ്യയാണ് എം.ബി.ബി.ആർ. 1980 കളിലാണ് ഈ സാങ്കേതികവിദ്യ മലിനജല സംസ്കരണത്തിന് ഉപയോഗിച്ച് തുടങ്ങിയത്. മാലിന്യത്തിൽ നിന്ന് നൈട്രേറ്റുകൾ ബാക്ടീരിയകളെ ഉപയോഗിച്ച് വേർതിരിക്കുന്ന ടാങ്കിലും മലിനജലം വെന്റിലേഷനിലൂടെ ശുചിയാക്കുന്ന ടാങ്കിലും ജലോപരിതലത്തിൽ പൊങ്ങികിടക്കുന്ന സൂക്ഷ്മ ജീവാണുക്കളടങ്ങിയ ഒരു ബയോചിപ്സ് മാധ്യമത്തിലൂടെ മലിന ജലം കടത്തി വിട്ട് ജലത്തിലെ ജൈവ മാലിന്യങ്ങളെ സൂക്ഷ്മ ജീവാണുക്കളെ കൊണ്ട് വേർതിരിക്കുന്ന പ്രക്രീയയാണ് ഈ സാങ്കേതിക വിദ്യയിലുള്ളത്.



ആവശ്യമായ അളവുകളിൽ പ്ലാന്റ് നിർമ്മിക്കാൻ സാധിക്കും. സംസ്കരണ തോത് കൂട്ടുവാനും പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുവാനും കഴിയും. ഖരമാലിന്യങ്ങൾ പൂർണ്ണമായും നീക്കം ചെയ്യാൻ സാധിക്കും. സ്ഥിരതയായ പെർഫോമൻസാണ് പ്ലാന്റിനുള്ളത്. അതുകൊണ്ട് തന്നെ മാലിന്യം കെട്ടി കിടക്കുന്ന സാഹചര്യമുണ്ടാകുന്നില്ല. സംസ്ക്കരണത്തിലൂടെ ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരം നിശ്ചയിക്കുവാനും ഉറപ്പുവരുത്തുവാനും സാധിക്കും. ഓപ്പറേറ്ററുടെ സഹായം കൂടാതെ തന്നെ സംസ്കരണത്തിന്റെ തോത് വർദ്ധിപ്പിക്കുവാൻ സാധിക്കും. ഈ സവിശേഷതകളോടൊപ്പം തീർത്തും സുരക്ഷിതവും പരിസ്ഥിതി സൗഹാർദ്ദവുമായ രീതിയിലാണ് എം.ബി.ബി.ആർ. പ്ലാന്റുകൾ പ്രവർത്തിക്കുന്നത്.

# കോഴിക്കോട് പുതിയ ബസ്സ്റ്റാന്റിന് സമീപം നവീന സൗകര്യങ്ങളോടുകൂടിയ മേൽ നടപ്പാത നിർമ്മാണം പൂർത്തിയായി

കോഴിക്കോടുകാർക്ക് നവ്യാനുഭവമായി എസ്കലേറ്റർ കം ഫുട്ട്ഓവർ ബ്രിഡ്ജ് നിർമ്മാണം പൂർത്തിയായി പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു.

രാജാജി റോഡിൽ പുതിയ ബസ്സ്റ്റാന്റ് പരിസരത്താണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള എസ്കലേറ്റർ മേൽപ്പാലം. സംസ്ഥാനത്തെ തന്നെ പ്രഥമ ഔട്ട് ഡോർ എസ്കലേറ്റർ മേൽപ്പാലമാണിത്. കാൽനടയാത്രക്കാർക്ക് സുരക്ഷിതമായും സൗകര്യപ്രദമായും റോഡ് മുറിച്ച് കടക്കുന്നതിനായി 11.5 കോടി രൂപ ചെലവിലാണ് ഈ മേൽപ്പാലം നിർമ്മിച്ചിരിക്കുന്നത്. രാജാജി റോഡിൽ പതിവായുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ഇതിലൂടെ സാധിക്കും.

മേൽപ്പാലത്തിന്റെ ഇരുഭാഗങ്ങളിലും എസ്കലേറ്ററും ലിഫ്റ്റുമുണ്ട്. കുട്ടികൾക്കും അംഗപരിമിതർക്കും റോഡ്






മുറിച്ച് കടക്കുന്നതിന് ഇത് വളരെയധികം സഹായകമാണ്. നടന്നു കയറാനുള്ള പടികൾ ഗ്രാനൈറ്റ് പാകി മോടി പിടിപ്പിച്ചിട്ടുണ്ട്. ആറര മീറ്റർ ഉയരമാണ് മേൽപ്പാലത്തിനുള്ളത്. മൂന്ന് മീറ്ററാണ് വീതി. 25.37 മീറ്ററാണ് നീളം.

നയനമനോഹരമായ ദീപ സംവിധാനമാണ് ഇരുവശങ്ങളിലും സജ്ജീകരിച്ചിരിക്കുന്നത്. പാലത്തിന്റെ ഭിത്തികൾ ഗ്ലാസ്സുകൾ ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നതിനാൽ ഇരുഭാഗത്തുള്ള കാഴ്ചകളും കാണാവുന്നതാണ്.

നടപ്പാലത്തിൽ ഒരേസമയം 300 പേർക്ക് കയറാം. ലിഫ്റ്റിൽ ഒരേസമയം 13 പേർക്ക് കയറാനാകും. മണിക്കൂറിൽ 11,700 പേരക്ക് ഉപയോഗിക്കാവുന്ന വിധമാണ് എസ്കലേറ്റർ ക്രമീകരിച്ചിരിക്കുന്നത്. കയറുന്നതിന് രണ്ട് സെറ്റ് യന്ത്രപ്പടികളും ഇറങ്ങുന്നതിന് രണ്ട് സെറ്റ് യന്ത്രപ്പടികളുമാണ് സജ്ജീകരിച്ചിരിക്കുന്നത്. വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന തരത്തിൽ 1,140 ചതുരശ്ര അടി സ്ഥലം പാലത്തിന്റെ ഇരുവശത്തുമായുണ്ട്. പാലം ഉപയോഗിക്കാതെ അപകടകരമായ രീതിയിൽ റോഡ് മുറിച്ച് കടക്കുന്നത് തടയുന്നതിന് കമ്പിവേലി സ്ഥാപിച്ചിട്ടുണ്ട്. രാജാജി റോഡിലെ നടപ്പാതകൾ ശരാശരി 2.8 മീറ്റർ വീതിയിൽ 2274 മീറ്റർ ദൂരത്തിൽ നവീകരിച്ച് മോടി പിടിപ്പിച്ചിട്ടുണ്ട്.

പദ്ധതിയുടെ മേൽനോട്ട ചുമതല കെ.എം.ആർ.എൽ. ആണ് നിർവ്വഹിച്ചത്. പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമാകാനുണ്ടായ കാലതാമസവും കോവിഡ് സാഹചര്യം കാരണം പണി നടത്തുന്നതിലുണ്ടായ കാലതാമസവും കാരണമാണ് പദ്ധതി മുൻനിശ്ചയിച്ച സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കാത്തത്. ഇപ്പോൾ പണി പൂർത്തിയായി പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ട്. പദ്ധതി പൂർത്തിയായതോടെ കോഴിക്കോട് നഗരത്തിലെ ഗതാഗതസൗകര്യങ്ങൾ ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ സാധിച്ചു. പദ്ധതിയുടെ ആകെ ചെലവ് 11.35 കോടി രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതവും 50% സംസ്ഥാന വിഹിതം 30% കോർപ്പറേഷൻ വിഹിതം 20% ആണ്.



# വാട്ടർ എഫിഷ്യന്റ് തൃശ്ശൂർ



തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വാട്ടർ എഫിഷ്യന്റ് (WET) എന്ന പദ്ധതി കോർപ്പറേഷനിലെ പഴയ മുനിസിപ്പൽ പ്രദേശത്താണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത് 4.36 കോടി രൂപയാണ് പദ്ധതിയുടെ ഭരണാനുമതി തുക.

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായ കുടിവെള്ളം ഏറ്റവും കാര്യക്ഷമവും സമയബന്ധിതവുമായി ആവശ്യക്കാരിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രഥമ ലക്ഷ്യം. ശുദ്ധജല ശോഷണവും, ജല മോഷണവും കണ്ടെത്തുക, ജലവിതരണ രംഗത്തെ ആധുനികവത്ക്കരിച്ച് കാര്യക്ഷമമാക്കുക, നിലവിലുള്ള ജലവിതരണ ശൃംഖല കൃത്യമായി മനസ്സിലാക്കുകയും രേഖപ്പെടുത്തുകയും ചെയ്യുക, ഭാവിയിൽ എല്ലാ ജലവിതരണ പദ്ധതിയും ആധുനിക രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് ഇവ നടപ്പിലാക്കുന്നത്. ജി.പി.ആർ. മെഷിൻ ഉപയോഗിച്ച് നിലവിൽ ഭൂമിക്കടിയിരുള്ള മുഴുവൻ പൈപ്പ് ലൈനും മാപ്പ് ചെയ്യുക. ഡ്രോൺ ഉപയോഗിച്ച് നിലവിലുള്ള മുഴുവൻ കെട്ടിടങ്ങളും മാർക്ക് ചെയ്യുക, ഐ.ഒ.ടി., സെൻസേഴ്സ് എന്നിവ ഉപയോഗിച്ച് പൈപ്പ് ലൈനിലെ പൊട്ടലുകൾ പെട്ടെന്ന് മനസ്സിലാക്കി നടപടികൾ എടുക്കാൻ പ്രാപ്തമാക്കുക, ജി.പി.എസ്. ഉപയോഗിച്ച് നിലവിൽ ഉള്ള മുഴുവൻ ഉപഭോക്താക്കളുടെ കെട്ടിടങ്ങളും രേഖപ്പെടുത്തുക എന്നിവയെല്ലാം ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്.





പി.ഒ.എസ്. മെഷിൻ

സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ, കമാൻഡ് സെന്റർ നിർമാണം എന്നിവ ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. ബില്ലിംഗ് സോഫ്റ്റ് വെയറിന്റെയും പി.ഒ.എസ്. മെഷിനുകളുടെയും ടെസ്റ്റിംഗ് നടന്നുവരുന്നു.

കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി കുടിവെള്ള വിതരണ സംവിധാനത്തെ 8 സോണുകളാക്കി തിരിക്കുന്ന സോണിംഗ് & മാപ്പിംഗ് എന്ന പ്രവൃത്തിയുടെ 8 കോടി രൂപ ഭരണാനുമതി തുകയുള്ള ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കുകയും 17 കോടി രൂപ ഭരണാനുമതി തുകയുള്ള രണ്ടാംഘട്ട പ്രവൃത്തികൾ നടന്നു വരികയും ചെയ്യുന്നു. ഇതുവരെ 85% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ വാട്ടർ കണക്ഷനുകൾ കൊടുക്കുന്ന പ്രവൃത്തിയും വിതരണ ശൃംഖല ശാക്തീകരിക്കുന്ന 12.95 കോടി രൂപ ഭരണാനുമതി തുകയുള്ള പദ്ധതിയുടെ ഇന്റർ കണക്ഷൻ പ്രവൃത്തികളും നടന്നു വരുന്നു.

# തത്തംപള്ളി ഉന്നത തല ജലസംഭരണി നിർമാണം പൂർത്തിയായി






ആലപ്പുഴ നഗരത്തിലെ 4 മേഖലകളിലെയും കുടിവെള്ള വിതരണ ശൃംഖലകളിലെ പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്കും ഓവർ ഹെഡ് ടാങ്കുകൾ സ്ഥാപിക്കുന്നതിനു മായി 148.30 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

ആലപ്പുഴ ധാരാളം ജല സമ്പത്തുള്ള നഗരമാണ്. എന്നാൽ ശുദ്ധജലം ഒരു ദുർലഭ വസ്തുവായി പരിണമിച്ചിരിക്കുന്നു. മുനിസിപ്പാലിറ്റിയുടെ പല പ്രദേശങ്ങളിലും ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നു. ആലപ്പുഴയിലെ അമൂല്യമൃമായ ജലസമ്പത്ത് ശുദ്ധീകരിച്ച് എല്ലാവർക്കും എത്തിച്ചുകൊടുക്കുക എന്ന ശ്രമകരമായ ലക്ഷ്യം മുൻനിർത്തിയുള്ള സമഗ്രമായ കുടിവെള്ള വിതരണ പദ്ധതിയാണ് അമൃത് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

ആലപ്പുഴ നഗരത്തിലെ 4 മേഖലകളിലെയും കുടിവെള്ള വിതരണ ശൃംഖലകളിലെ പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്കും ഓവർ ഹെഡ് ടാങ്കുകൾ സ്ഥാപിക്കുന്നതിനുമായി 148.30 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

ഇതിന്റെ ഭാഗമായി തത്തംപള്ളി പുന്നമട റോഡിൽ കാപ്പിമുക്കിന് സമീപം 12 ലക്ഷം ലിറ്റർ ജലസംഭരണിയുടെ പ്രവൃത്തി 3.327 കോടി രൂപ ചിലവഴിച്ച് നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ നിന്ന് നഗരസഭയിലെ കിഴക്കൻ പ്രദേശങ്ങളായ നെഹ്രുട്രോഫി, ജില്ലാക്കോടതി, കരളകം, തത്തം പള്ളി കിടങ്ങാംപറമ്പ് എന്നീ വാർഡുകളിൽ ശുദ്ധജലമെത്തിക്കാൻ സാധിക്കും. 3724 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

ജലത്താൽ ചുറ്റപ്പെട്ട് എന്നാൽ ശുദ്ധജല ദൗർലഭ്യം രൂക്ഷമായ സ്ഥലമായിരുന്നു നെഹ്രുട്രോഫി വാർഡ്. അമൃത് പദ്ധതിയിലുൾപ്പെടുത്തി പുന്നമടക്കായലിലൂടെ പൈപ്പ് ലൈൻ സ്ഥാപിച്ച് അവിടെ ശുദ്ധജലമെത്തിച്ചു. തത്തം പള്ളി വാട്ടർ ടാങ്കിൽ നിന്ന് ജലം ലഭിക്കുന്നതോടെ ആലപ്പുഴ നഗരസഭയുടെ കിഴക്കൻ പ്രദേശങ്ങളിലെ കുടിവെള്ളം ക്ഷാമത്തിന് ശാശ്വത പരിഹാരമാകും.



# വെണ്ടുരുത്തി - തേവര നടപ്പാത നിർമാണം പൂർത്തീകരിച്ചു



കൊച്ചി നഗരത്തിലെ കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്കും സൗകര്യത്തിനുമായി കോർപ്പറേഷന്റെ വിവിധ ഭാഗങ്ങളിൽ നടപ്പാതകളുടെ നവീകരണത്തിനായി 31.24 കോടി രൂപ ചെലവിൽ വിവിധ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൊച്ചി നഗരസഭ സൗന്ദര്യവത്ക്കരണത്തിന്റെ ഭാഗമായി ഡിവിഷൻ 61 ലെ വെണ്ടുരുത്തി പാലത്തിനോട് ചേർന്ന് കാട് പിടിച്ചു കിടന്നിരുന്ന മനുഷ്യ സഞ്ചാരയോഗ്യമല്ലാത്ത പ്രദേശം അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 1.28 കോടി രൂപ ചെലവഴിച്ച് നടപ്പാത നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കി. ഇതിലൂടെ വെണ്ടുരുത്തി പാലം മുതൽ തേവര ജംഗ്ഷൻ വരെ കാൽനടയാത്ര സുഗമമായി. ഇതിനോടനുബന്ധിച്ച് വെണ്ടുരുത്തി പാലത്തിന് സമീപം ബസ്ബേ നിർമാണവും പൂർത്തീകരിച്ചു.

കൂടാതെ മാലിന്യം നിക്ഷേപിച്ചുകൊണ്ടിരുന്ന ഈ സ്ഥലം നടപ്പാതയും പുൽത്തകിടിയും പിടിപ്പിച്ച് സൗന്ദര്യവത്ക്കരിച്ചു. 2018 നവംബറിൽ ആരംഭിച്ച നിർമാണ പ്രവർത്തനങ്ങൾ 2020 ഡിസംബറിലാണ് പൂർത്തീകരിച്ചത്.

പേട്ട ജംഗ്ഷൻ മുതൽ ഗാന്ധി സ്ക്വയർ വരെയുള്ള റോഡിൽ 532 മീറ്റർ നീളത്തിൽ ശരാശരി 2.5 മീറ്റർ വീതിയിൽ നടപ്പാത നിർമാണം പൂർത്തീകരിച്ചു. 1.39 കോടി രൂപയാണ് പദ്ധതിയുടെ ഭരണാനുമതി തുക. 2018 നവംബറിൽ ആരംഭിച്ച നിർമാണ പ്രവർത്തനങ്ങൾ 2020 ഡിസംബറിലാണ് പൂർത്തീകരിച്ചത്. കൊച്ചി കോർപ്പറേഷൻ ഡിവിഷൻ 50 ലൂടെയാണ് പദ്ധതി കടന്നു പോകുന്നത്. പദ്ധതി പൂർത്തിയായതോടെ കാൽ നടയാത്രക്കാർക്ക് യാത്ര കൂടുതൽ സുരക്ഷിതമായി.

> “ കൊച്ചി നഗരസഭ സൗന്ദര്യവത്ക്കരണത്തിന്റെ ഭാഗമായി ഡിവിഷൻ 61 ലെ വെണ്ടുരുത്തി പാലത്തിനോട് ചേർന്ന് കാട് പിടിച്ചുകിടന്നിരുന്ന സഞ്ചാര യോഗ്യമല്ലാത്ത പ്രദേശം അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 1.28 കോടി രൂപ ചെലവഴിച്ച് നടപ്പാത നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കി.





# ചേലോറ പാർക്ക് നിർമാണം അന്തിമ ഘട്ടത്തിൽ



കണ്ണൂർ കോർപ്പറേഷന്റെ മാലിന്യം നിക്ഷേപിച്ചിരുന്ന ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ട് മുഖം മിനുക്കുന്നു. 23 ഏക്കർ ട്രഞ്ചിംഗ് ഗ്രൗണ്ടിലെ 3 ഏക്കറോളം വരുന്ന സ്ഥലം നവീകരിച്ച് ആധുനിക സംവിധാനങ്ങളോടു കൂടിയ പാർക്കിന്റെ നിർമാണം പൂർത്തീകരിച്ചു വരുന്നു.

അപൂർവ്വമായ ഔഷധ സസ്യങ്ങളുൾപ്പെടുന്ന പ്രദേശത്തിന്റെ തനത് ആവസവ്യവസ്ഥയ്ക്ക് അധികം ആഘാതം ഏൽപിക്കാത്ത രീതിയിൽ തീർത്തും പരിസ്ഥിതി സൗഹാർദ്ദമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കുട്ടികൾക്കും പ്രായമായവർക്കും അംഗപരിമിതർക്കും ഉപയോഗിക്കാൻ കഴിയുന്ന രീതിയിലാണ് നടപ്പാതകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

നടപ്പാതകൾ, ആംഫി തീയറ്റർ, കുട്ടികൾക്കായുള്ള ട്രാഫിക് പാർക്കുകൾ, ഔഷധ സസ്യങ്ങളുടെ ശേഖരം ഉൾപ്പടെയുള്ള സംവിധാനങ്ങളാണ് പാർക്കിൽ ഒരുക്കിയിരിക്കുന്നത്. നവീകരണ പ്രവർത്തനങ്ങൾക്കായി 1.4 കോടി രൂപയാണ് ചെലവഴിക്കുക. 3 മാസത്തിനകം പണി പൂർത്തികരിച്ച് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.



## നാളെയ്ക്കായി കരുതാം ജീവജലം....!




കുടിവെള്ളത്തിന്റെ മുഖ്യ സ്രോതസ്സ് മഴവെള്ളമാണ്. മഴവെള്ളം നേരിട്ട് സംഭരിച്ച് വയ്ക്കാതെ മണ്ണിനടിയിലേയ്ക്ക് കിനിഞ്ഞിറങ്ങാൻ അനുവദിച്ചാൽ ഭൂഗർഭ ജലനിരപ്പ് ഉയരും. ഇതിനായി സ്വീകരിക്കുന്ന മാർഗ്ഗങ്ങളെയാണ് മഴവെള്ളക്കൊയ്ത്ത് എന്ന് പറയുന്നത്.

ഭൂഗർഭത്തിലേയ്ക്ക് മഴവെള്ളം എത്തിക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ അവലംബിക്കാറുണ്ട്. പറമ്പുകളിൽ കയ്യാലകൾ നിർമ്മിച്ചും കുഴികൾ കുത്തിയും മഴവെള്ളം ശേഖരിയ്ക്കാം. മേൽക്കൂരയിലെ വെള്ളം പൈപ്പുകൾ വഴി ടാങ്കുകളിൽ ശേഖരിയ്ക്കാം.

നഗരവാസികളുടെ ചെറിയ പ്ലോട്ടുകളിലും മഴവെള്ളക്കൊയ്ത്തിലൂടെ ജലം സംഭരിക്കുവാൻ കഴിയും. 5 സെന്റ് സ്ഥല പരിധിയിൽ ഒരു വർഷം 6 ലക്ഷം ലിറ്റർ മഴവെള്ളം ലഭ്യമാകുന്നുണ്ട്. ഇതിൽ പകുതിയെങ്കിലും ശേഖരിക്കാൻ സാധിക്കും. പതിനായിരം ലിറ്ററിന്റെ ഒരു ടാങ്ക് മുറ്റത്ത് സ്ഥാപിച്ചാൽ 5 അംഗങ്ങൾ ഉള്ള ഒരു കുടുംബത്തിന് വേനൽക്കാലത്തെ അതിജീവിക്കാം. 65 ലക്ഷത്തോളം കിണറുകൾ സംസ്ഥാനത്തുണ്ട്. 100 ചതുരശ്ര അടി മേൽക്കൂരയിൽ നിന്ന് മഴവെള്ളക്കൊയ്ത്ത് നടത്തിയാൽ 2046 ദശലക്ഷം ക്യൂബിക് മീറ്റർ ജലം സംഭരിക്കാൻ സാധിക്കും.



# ഇ.കെ. നായനാർ പാർക്കിന്റെ നിർമാണം പൂർത്തീകരിച്ചു



ഗുരുവായൂർ ബ്രഹ്മകുളം ഇ.കെ. നായനാർ പാർക്കിന്റെ നിർമാണം പൂർത്തീകരിച്ചു. ഗുരുവായൂർ ബസ്സ്റ്റാന്റിൽ നിന്നും 3 കി.മീ. അകലെ നഗരസഭയുടെ അധീനതയിലുള്ള 50 സെന്റ് സ്ഥലത്താണ് പാർക്കിന്റെ നിർമാണം നടത്തിയിരിക്കുന്നത്. 62 ലക്ഷം രൂപയാണ് പാർക്കിന്റെ ഭരണാനുമതി തുക.

നിലവിലെ മതിൽ പുനർനിർമാണം നടത്തി ഭംഗിയാക്കി. പുതിയ ഗേറ്റുകൾ സ്ഥാപിച്ചു. നടപ്പാതയും പാർക്കിംഗ് സ്ഥലവും ഇന്റർലോക് ചെയ്തു. സന്ദർശകർക്ക് ഇരിക്കുന്നതിനായി സിമന്റ് ബഞ്ചുകൾ സ്ഥാപിച്ചു. കൂടാതെ ഗ്രീൻ റൂമുകളും ടോയ്‌ലെറ്റ് അടക്കമുള്ള ഒരു സ്റ്റേജ് ബ്ലോക്കും, ടോയ്‌ലെറ്റുകൾ മാത്രമുള്ള ഒരു ബ്ലോക്കും സ്ഥാപിച്ചിട്ടുണ്ട്. പുല്ലു വിരിച്ച് ടർഫിംഗ് നടത്തി പൂച്ചെടികളും മരങ്ങളും വെച്ചുപിടിപ്പിച്ചാണ് ഓപ്പൺ സ്പേസ് നിർമിച്ചിട്ടുള്ളത്. ഇതിൽ വിവിധ സ്തൂപങ്ങൾ നിർമിച്ചിട്ടുണ്ട്.



പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ ഉൾപ്പടെയുള്ള സിവിൽ വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് കളിക്കുന്നതിനും വ്യായാമം ചെയ്യുന്നതിനുമായി ചെറുതും വലുതുമായ 11 ഇനം കളിയുപകരണങ്ങൾ പാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്.

പാർക്കിലേയ്ക്ക് റോഡിൽ നിന്നും 60 മീറ്റർ ദൂരമുണ്ട്. ഇവിടേയ്ക്കുള്ള ഇടുങ്ങിയ വഴി വീതി കൂട്ടുന്നതിനായി സമീപത്തെ സ്ഥല ഉടമകൾ സൗജന്യമായി ഭൂമി വിട്ടുനൽകി. വഴിയ്ക്ക് ഇരുവശവും കരിങ്കൽ കെട്ടി ഇന്റർലോക്ക് ചെയ്യുന്നതിന് നഗരസഭാ ഫണ്ടിൽ നിന്ന് 9 ലക്ഷം രൂപ കൂടി ചെലവഴിച്ചു.

# മേൽനടപ്പാത നിർമാണം അന്തിമഘട്ടത്തിൽ



കൊല്ലം കോർപ്പറേഷനിൽ അമൃത് പദ്ധതിയുടെ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 3 മേൽനടപ്പാതകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിൽ രണ്ട് പദ്ധതികൾ പൂർത്തീകരിച്ചു. ഹൈസ്കൂൾ ജംഗ്ഷനിലെയും ചെമ്മാൻമുക്കിലെയും മേൽ നടപ്പാതകളാണ് പൂർത്തീകരിച്ചത്. സെന്റ് ജോസഫ്സ് - പാർവ്വതി മിൽ ജംഗ്ഷനിലെ മേൽ നടപ്പാതയുടെ നിർമാണം അന്തിമ ഘട്ടത്തിലാണ്.

പദ്ധതിയുടെ ആദ്യത്തെ ഡിസൈൻ തയ്യാറാക്കിയത് കിറ്റ്കൊ ആയിരുന്നു. എന്നാൽ സ്ഥലസംബന്ധിയായ വിഷയങ്ങൾ കാരണം ആ ഡിസൈനിൽ പണി ആരംഭിക്കാൻ സാധിച്ചില്ല. തുടർന്ന് കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജാണ് ലഭ്യമായ സ്ഥലത്തിൽ സ്ഥാപിക്കാനുതകുന്ന രീതിയിൽ നിലവിലെ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയത്.



പദ്ധതിയുടെ ഭരണാനുമതി തുക 0.93 കോടിരൂപയായിരുന്നു. വർക്ക് അവാർഡ് ചെയ്തത് 0.675 കോടി രൂപയ്ക്കാണ്. 2021 ജൂലൈ മാസത്തോടെ പണി പൂർത്തീകരിക്കാൻ സാധിക്കും. വളരെ തിക്കേറിയ ഒട്ടേറെ സ്ഥാപനങ്ങളുള്ള പ്രദേശത്തെ ഗതാഗത കുരുക്കിനും, കാൽനടയാത്രക്കാർക്ക് സുഗമമായി റോഡ് മുറിച്ച് കടക്കുന്നതിനും പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ സാധിക്കും.


# പാലക്കാട് മീനാ നഗർ പാർക്ക് നിർമാണം പൂർത്തീകരിച്ചു



പാലക്കാട് നഗരസഭയിൽ പാർക്ക് സെക്ടറിൽ മീനാ നഗർ പാർക്ക് നിർമാണം പൂർത്തീകരിച്ചു. കേരളത്തിന്റെ നെല്ലറ എന്നറിയപ്പെടുന്ന പാലക്കാടിലെ കൽമണ്ഡപം എന്ന സ്ഥലത്താണ് മീനാ നഗർ പാർക്ക് നിർമ്മിച്ചിരിക്കുന്നത്.

കുട്ടികൾക്ക് കളിക്കുവാനും വിനോദങ്ങളിൽ ഏർപ്പെടുവാനും സാധിക്കുന്ന രീതിയിലാണ് പാർക്ക് നിർമ്മിച്ചിരിക്കുന്നത്. കൂടാതെ പൊതു സമ്മേളനങ്ങളും കലാ വിരുന്നുകളും നടത്തുന്നതിന് അനുയോജ്യമായ ഒരു വേദിയും സജ്ജീകരിച്ചിട്ടുണ്ട്.

മീനാ നഗറിലും പരിസരങ്ങളിലുമുള്ള ജനങ്ങൾക്ക് പാർക്ക് പ്രയോജനപ്രദമായിരിക്കും. 40.5 ലക്ഷം രൂപയാണ് പാർക്കിന്റെ നിർമാണ ചെലവ്.



തൃശ്ശൂർ - നെഹ്റു പാർക്ക്



കൊച്ചി - മൈത്രി നഗർ പാർക്ക്



ആലപ്പുഴ - ജനറൽ ഹോസ്പിറ്റൽ പാർക്ക്




തിരുവനന്തപുരം - മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനം

# അമൃത് പദ്ധതി സൂചിക (30.06.2021 പ്രകാരം)

## കേരളം

2357.69 കോടി രൂപയുടെ 1002 പദ്ധതികൾ
2266.78 കോടി രൂപയുടെ 1002 പദ്ധതികൾക്ക് ഭരണാനുമതി
2151.85 കോടി രൂപയുടെ 997 പദ്ധതികൾക്ക് സാങ്കേതികാനുമതി
2142.83 കോടി രൂപയുടെ 997 പദ്ധതികൾ ടെൻഡർ ചെയ്തു
1967.76 കോടി രൂപയുടെ 976 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
704 പദ്ധതികൾ പൂർത്തീകരിച്ചു. 1150.59 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തിരുവനന്തപുരം

357.50 കോടി രൂപയുടെ 270 പദ്ധതികൾ
360.12 കോടി രൂപയുടെ 270 പദ്ധതികൾക്ക് ഭരണാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾക്ക് സാങ്കേതികാനുമതി
331.24 കോടി രൂപയുടെ 270 പദ്ധതികൾ ടെൻഡർ ചെയ്തു
317.04 കോടി രൂപയുടെ 263 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
225 പദ്ധതികൾ പൂർത്തീകരിച്ചു. 185.44 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊല്ലം

253.45 കോടി രൂപയുടെ 58 പദ്ധതികൾ
206.69 കോടി രൂപയുടെ 58 പദ്ധതികൾക്ക് ഭരണാനുമതി
203.51 കോടി രൂപയുടെ 58 പദ്ധതികൾക്ക് സാങ്കേതികാനുമതി
203.51 കോടി രൂപയുടെ 58 പദ്ധതികൾ ടെൻഡർ ചെയ്തു
177.12 കോടി രൂപയുടെ 55 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
31 പദ്ധതികൾ പൂർത്തീകരിച്ചു. 56.24 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ആലപ്പുഴ

222.70 കോടി രൂപയുടെ 195 പദ്ധതികൾ
219.68 കോടി രൂപയുടെ 195 പദ്ധതികൾക്ക് ഭരണാനുമതി
214.62 കോടി രൂപയുടെ 192 പദ്ധതികൾക്ക് സാങ്കേതികാനുമതി
214.62 കോടി രൂപയുടെ 192 പദ്ധതികൾ ടെൻഡർ ചെയ്തു
207.88 കോടി രൂപയുടെ 186 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
127 പദ്ധതികൾ പൂർത്തീകരിച്ചു. 150.36 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കൊച്ചി

328.77 കോടി രൂപയുടെ 98 പദ്ധതികൾ
272.06 കോടി രൂപയുടെ 98 പദ്ധതികൾക്ക് ഭരണാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾക്ക് സാങ്കേതികാനുമതി
264.46 കോടി രൂപയുടെ 98 പദ്ധതികൾ ടെൻഡർ ചെയ്തു
216.23 കോടി രൂപയുടെ 95 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
70 പദ്ധതികൾ പൂർത്തീകരിച്ചു. 129.10 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## തൃശ്ശൂർ

269.93 കോടി രൂപയുടെ 109 പദ്ധതികൾ
259.62 കോടി രൂപയുടെ 109 പദ്ധതികൾക്ക് ഭരണാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾക്ക് സാങ്കേതികാനുമതി
238.05 കോടി രൂപയുടെ 108 പദ്ധതികൾ ടെൻഡർ ചെയ്തു
191.75 കോടി രൂപയുടെ 107 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
75 പദ്ധതികൾ പൂർത്തീകരിച്ചു. 128.52 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## ഗുരുവായൂർ

203.10 കോടി രൂപയുടെ 34 പദ്ധതികൾ
218.30 കോടി രൂപയുടെ 34 പദ്ധതികൾക്ക് ഭരണാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾക്ക് സാങ്കേതികാനുമതി
213.71 കോടി രൂപയുടെ 33 പദ്ധതികൾ ടെൻഡർ ചെയ്തു
213.71 കോടി രൂപയുടെ 33 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
11 പദ്ധതികൾ പൂർത്തീകരിച്ചു. 132.41 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## പാലക്കാട്

221.76 കോടി രൂപയുടെ 150 പദ്ധതികൾ
220.02 കോടി രൂപയുടെ 150 പദ്ധതികൾക്ക് ഭരണാനുമതി
202.11 കോടി രൂപയുടെ 150 പദ്ധതികൾക്ക് സാങ്കേതികാനുമതി
198.32 കോടി രൂപയുടെ 150 പദ്ധതികൾ ടെൻഡർ ചെയ്തു
168.10 കോടി രൂപയുടെ 149 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
100 പദ്ധതികൾ പൂർത്തീകരിച്ചു. 121.25 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കോഴിക്കോട്

274.76 കോടി രൂപയുടെ 50 പദ്ധതികൾ
284.64 കോടി രൂപയുടെ 50 പദ്ധതികൾക്ക് ഭരണാനുമതി
283.95 കോടി രൂപയുടെ 50 പദ്ധതികൾക്ക് സാങ്കേതികാനുമതി
278.72 കോടി രൂപയുടെ 50 പദ്ധതികൾ ടെൻഡർ ചെയ്തു
278.72 കോടി രൂപയുടെ 50 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
41 പദ്ധതികൾ പൂർത്തീകരിച്ചു. 110.38 കോടി രൂപ നാളിതുവരെ ചെലവഴിച്ചു

## കണ്ണൂർ

225.72 കോടി രൂപയുടെ 38 പദ്ധതികൾ
225.65 കോടി രൂപയുടെ 38 പദ്ധതികൾക്ക് ഭരണാനുമതി
200.21 കോടി രൂപയുടെ 38 പദ്ധതികൾക്ക് സാങ്കേതികാനുമതി
200.21 കോടി രൂപയുടെ 38 പദ്ധതികൾ ടെൻഡർ ചെയ്തു
197.21 കോടി രൂപയുടെ 38 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു
24 പദ്ധതികൾ പൂർത്തീകരിച്ചു. 136.91 കോടി രൂപ നാളിതുവരെ ചെലവഴിച്ചു






Printed and Published by State Mission Management Unit, AMRUT, Local Self Government Department, Government of Kerala, 4th Floor, Meenakshi Plaza, Artech Building, Opp. Govt. Hospital for Women & Children, Thycaud Thiruvananthapuram - 695014